# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## തിരുവനന്തപുരം

**ഹാജർ: ശ്രീ. കെ. നസീർ (മെമ്പർ)**

തീയതി : 14.10.2020

**സി.ആർ.എം.പി.നമ്പർ : 5200/04/$C_2$/2019/KeSCPCR**

ഹർജിക്കാരൻ : അഭിജിത്ത് കൃഷ്ണ.പി.എം.,
കല്ലിക്കാട്ട് കിഴക്കതിൽ,
പേള.പി.ഒ., തട്ടാരമ്പലം,
മാവേലിക്കര, ആലപ്പുഴ.

എതിർകക്ഷികൾ :

1) ചീഫ് സെക്രട്ടറി,
കേരള സർക്കാർ,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

2) ഗവൺമെന്റ് സെക്രട്ടറി,
റവന്യൂ വകുപ്പ്,
കേരള സർക്കാർ,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

3) ഗവൺമെന്റ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്,
കേരള സർക്കാർ,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

4) ഗവൺമെന്റ് സെക്രട്ടറി,
പൊതുഭരണ വകുപ്പ്,
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

5) തഹസിൽദാർ,
താലൂക്ക് ഓഫീസ്,
മാവേലിക്കര, ആലപ്പുഴ.

6) വില്ലേജ് ഓഫീസർ,
കണ്ണമംഗലം, ആലപ്പുഴ.

7) വില്ലേജ് ഓഫീസർ,
മാവേലിക്കര, ആലപ്പുഴ.

8) വില്ലേജ് ഓഫീസർ,
ചെട്ടിക്കുളങ്ങര, ആലപ്പുഴ.

## ഉത്തരവ്

1. ഹർജിക്കാരൻ മാവേലി ബോയ്സ് ഹയർ സെക്കന്ററി സ്കൂളിൽ പ്ലസ് വൺ വി.എച്ച്.എസ്..സി. (എം.എൽ.ടി.) വിദ്യാർത്ഥിയാണെന്നും ഹർജിക്കാരന്റെ അച്ഛൻ ഹിന്ദു-തിയ്യ വിഭാഗത്തിൽപ്പെട്ടയാളാണെന്നും അമ്മ ഹിന്ദു നായർ വിഭാഗ ത്തിൽപ്പെട്ടവരാണെന്നും ഹർജിക്കാരൻ തിയ്യ വിഭാഗത്തിൽപ്പെട്ട ജീവിതമാണ് നയിക്കുന്നതെന്നും ഹർജിക്കാരന് വിദ്യാഭ്യാസ സ്കോളർഷിപ്പിന്റെ ആവശ്യം വന്ന പ്പോൾ, മാവേലിക്കര, ചെട്ടിക്കുളങ്ങര, കണ്ണമംഗലം വില്ലേജ് ഓഫീസർ ചെന്നപ്പോൾ വില്ലേജ് ഓഫീസർ മോശമായി പെരുമാറിയെന്നും ഹർജിക്കാരന് സർട്ടിഫിക്കറ്റ് നൽകണമെങ്കിൽ അമ്മ നായർ വിഭാഗത്തിൽ അല്ലായെന്നും ഹിന്ദു-തിയ്യ വിഭാഗ ത്തിലാണ് ജീവിക്കുന്നതെന്നും ഒപ്പിടാൻ നിർബന്ധിച്ചെന്നും സമുദായ ലെറ്റർ വേണ മെന്നും അല്ലാത്തപക്ഷം സർട്ടിഫിക്കറ്റ് നൽകില്ലെന്നും പറഞ്ഞതായും ആയതിനാൽ മേൽ കാര്യത്തിൽ കമ്മീഷൻ നടപടി സ്വീകരിച്ച് ഹർജിക്കാരന് ജാതി സർട്ടിഫിക്കറ്റ് കിട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും കാണിച്ചാണ് മേൽ ഹർജി സമർപ്പിച്ചത്.

2. മേൽ കാര്യത്തിൽ 6-ാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരന്റെ അച്ഛൻ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട ഹിന്ദു-തിയ്യ വിഭാഗത്തിൽപ്പെട്ടയാളാ ണെന്നും ഹർജിക്കാരന്റെ അമ്മ ഹിന്ദു-നായർ വിഭാഗക്കാരിയാണെന്നും സർട്ടിഫി ക്കറ്റുകൾ പരിശോധിച്ചതിൽ വ്യക്തമായെന്നും മിശ്രവിഭാഗക്കാരുടെ ജാതി സർട്ടിഫി ക്കറ്റ് നൽകുന്നതിന് (1) അപേക്ഷകൻ ഉൾപ്പെടുന്നുവെന്ന് അവകാശപ്പെടുന്ന സമുദായം അപേക്ഷകനെ അവരിലൊരാളായി അംഗീകരിക്കണമെന്നും (2) അപേക്ഷകൻ പ്രസ്തുത സമുദായത്തിലെ ആചാരാനുഷ്ഠാനങ്ങളിൽ ജീവിച്ചു വരുന്ന ആളായിരിക്കണമെന്നും (3) അപേക്ഷകൻ താൻ ഉൾപ്പെടുന്നുവെന്ന് അവകാ ശപ്പെടുന്ന സമുദായത്തിന്റെ സാമൂഹികവും സാമ്പത്തികപരവും വിദ്യാഭ്യാസപരവു മായ പിന്നോക്കാവസ്ഥ അനുഭവിക്കുന്ന ആളായിരിക്കണമെന്നും (4) മേൽ കാര്യങ്ങൾ

സംബന്ധിച്ച തെളിവ് ശേഖരിക്കുന്നതിനും അപേക്ഷകൻ അവകാശമുന്നയിക്കുന്ന അതേ ജാതി/മത വിഭാഗത്തിൽപ്പെട്ടവരും അപേക്ഷകന്റെ ബന്ധുക്കൾ അല്ലാത്തവരുമായ അയൽവാസികളുടെ മൊഴി ശേഖരിക്കാവുന്നതുമാണെന്നും മേൽ കാര്യത്തിൽ അന്വേഷണം നടത്തിയതിൽ അഭിജിത് കൃഷ്ണയോ, പിതാവായ ശ്രീജിത്തോ ഹിന്ദു-തിയ്യ വിഭാഗവുമായി യാതൊരു ബന്ധവുമില്ലാത്തതും ടിയാൾക്കാർ ടി സംഘടനയിൽ പ്രവർത്തിക്കുന്നില്ലെന്നും സംഘടന ടിയാൻമാരെ അംഗങ്ങളായി പരിഗണിച്ച യാതൊരു രേഖയും ഹർജിക്കാർ കൈവശം ഇല്ലെന്നും ഹർജിക്കാരൻ കുടുംബം ഹിന്ദു-തിയ്യ ആചാര പ്രകാരമല്ല ജീവിക്കുന്നതെന്നും ബോധ്യമായെന്നും മിശ്രവിവാഹ ദമ്പതികളുടെ മകനായ അഭിജിത്ത് കൃഷ്ണ ഹാജരാക്കേണ്ട രേഖകൾ സംബന്ധിച്ച് 18.07.2019 – ൽ ഹർജിക്കാരന് കത്ത് നൽകിയതായും തുടർന്ന് മാതാവായ ശ്രീജയുടെ ജാതി സംബന്ധിച്ച് നടത്തിയ അന്വേഷണത്തിൽ ടിയാരി കണ്ണമംഗലം വില്ലേജിൽ പേള 1274-ാം നമ്പർ എൻ.എസ്.എസ്. കരയോഗത്തിലും കരയോഗത്തിന്റെ വനിതാ സമാജമായ 1695-ാം നമ്പർ എൻ.എസ്.എസ്. വനിതാ സമാജത്തിലും അംഗവും എൻ.എസ്.എസ്. കരയോഗം വക 309-ാം നമ്പർ ശ്രീ വിനായക സ്വയംസഹായ സംഘത്തിന്റെ പ്രസിഡന്റാണെന്നും ബോധ്യപ്പെട്ടതായും എൻ.എസ്.എസ്. പോലുള്ള മുന്നോക്ക സമുദായത്തിലെ ഒരംഗമുള്ള വീടായതിനാലും മറ്റ് കുടുംബാംഗങ്ങൾ മറ്റ് സമുദായാചാര പ്രകാരം ജീവിക്കുന്നില്ലായെന്ന് ബോധ്യമായതിനാലും ബഹു. കമ്മീഷനിൽ നിന്നും ഹർജിക്കാരന് അനുകൂലമായി ഉത്തരവുണ്ടാകുന്ന പക്ഷം തുടർ നടപടി സ്വീകരിക്കുമെന്നും ബോധിപ്പിക്കുകയുണ്ടായി.

3. മേൽ കാര്യത്തിൽ 5-ാം എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ വില്ലേജ് ഓഫീസർ നടത്തിയ അന്വേഷണത്തിൽ ശ്രീജിത് ഹിന്ദു-തിയ്യ (OBC) സമുദായംഗമായും ടിയാന്റെ ഭാര്യ ശ്രീമതി ശ്രീജ ഹിന്ദു-നായർ (മുന്നോക്ക വിഭാഗം) സമുദായംഗമായും ജനിച്ചു വളർന്നവരാണെന്നും ശ്രീമതി ശ്രീജ ടി വില്ലേജിൽ പേള 1274 നമ്പർ എൻ.എസ്.എസ്. കരയോഗത്തിലെ അംഗവും സജീവ പ്രവർത്തകയുമാണെന്ന് ബോധ്യപ്പെട്ടതായും ടി കുടുംബം ഹിന്ദു-നായർ ആചാര പ്രകാരം ജീവിച്ചു വരുന്നതും കൂടാതെ അഭിജിത് കൃഷ്ണ തിയ്യ സമുദായ ആചാരമനുസരിച്ച് ജീവിച്ചു വരുന്നതായി കണ്ടെത്താൻ കഴിഞ്ഞില്ലെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തതായും ബോധിപ്പിക്കുകയുണ്ടായി.

4. ഇന്ദിര Vs. കേരള സർക്കാർ (2005 (4) KLT 119) കേസിൽ ബഹു. കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പുറപ്പെടുവിച്ച ഉത്തരവിൽ മിശ്രവിവാഹ

ത്തിൽ പിറന്ന കുട്ടികളുടെ ജാതി തീരുമാനിക്കേണ്ടത് പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലും ഏത് ജാതി ആചാരപ്രകാരമാണ് വ്യക്തികൾ ജീവിക്കുന്നതെന്ന് വസ്തുതാപരമായ അന്വേഷണം ബന്ധപ്പെട്ട അധികാരികൾ നടത്തിയതിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് പ്രസ്താവിച്ചിരിക്കുന്നു. പുനിത് റേ Vs. ദിനേശ് ചൗധരി (CA No. 659/2003) കേസിൽ മിശ്രവിവാഹത്തിലെ കുട്ടികളുടെ ജാതി തീരുമാനിക്കേണ്ടത് പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് വിധി പ്രസ്താവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ വിധിന്യായങ്ങളുടെ പശ്ചാത്തലത്തിൽ സർക്കാർ പുറപ്പെടുവിച്ച G.O.(MS) No. 25/2005/SC STDD തീയതി 20.06.2005 ഉത്തരവ് പ്രകാരം മിശ്രവിവാഹിതരുടെ മക്കളുടെ ജാതി നിർണ്ണയിക്കുന്നത് പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലും ഏത് ജാതിയുടെ ആചാരപ്രകാരമാണ് അപേക്ഷകൻ ജീവിതം നയിക്കുന്നത് എന്നതിനെ അടിസ്ഥാനമാക്കിയായിരിക്കണ മെന്ന് വ്യക്തമാകുന്നു.

5. മേൽപ്പറഞ്ഞ കോടതി വിധികളുടെയും സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാന ത്തിൽ മിശ്രവിവാഹത്തിൽ പിറന്ന കുട്ടികളുടെ ജാതി നിർണ്ണയിച്ച് സർട്ടിഫിക്കറ്റു കൾ നൽകേണ്ടത് പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലും ഹർജിക്കാരന്റെ കുടുംബം ഏത് ജാതിയുടെ ആചാര പ്രകാരമാണ് ജീവിക്കുന്നത് എന്ന് കൂടി പരിഗണിച്ചാണ്. നിലവിൽ ഇക്കാര്യത്തെപ്പറ്റി കൃത്യമായ മാർഗ്ഗരേഖ ഇല്ലാത്തതി നാൽ ഇക്കാര്യം ബോധ്യപ്പെടുന്നതിനായി ആവശ്യമായ തെളിവുകളും വസ്തുതാ വിവരങ്ങളും ഹർജിക്കാരൻ 6-ാം എതിർകക്ഷി മുമ്പാകെ സമർപ്പിക്കുന്ന പക്ഷം ആയത് പരിശോധിച്ച് ഹർജിക്കാരന് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അടിയന്തിര നടപടി 6-ാം എതിർകക്ഷി സ്വീകരിക്കേണ്ടതാണ്.

6. മിശ്രവിവാഹിതരുടെ മക്കൾ സമൂഹത്തിൽ നിരവധി വിവേചനങ്ങൾ നേരിടുന്നവരാ യതിനാൽ സർക്കാർ അവർക്ക് നൽകുന്ന പ്രത്യേക അവകാശങ്ങൾ നിഷേധിക്കപ്പെ ടുകയോ ലംഘിക്കപ്പെടുകയോ ചെയ്തു കൂടാ. മിശ്രവിവാഹിതരുടെ മക്കളുടെ ജാതി തീരുമാനിക്കപ്പെടുന്നത് പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലും ടി കുടുംബം ഏത് ജാതിയുടെ ആചാരങ്ങൾ സ്വാംശീകരിച്ച് ജീവിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലുമാണ്. ഇത് തെളിയിക്കുന്നതിന് അപേക്ഷകൻ ബന്ധപ്പെട്ട അധികാരികൾ മുമ്പാകെ ഹാജരാക്കേണ്ട രേഖകൾ ഏതൊക്കെയെന്നോ ആയതിന്റെ അടിസ്ഥാന വസ്തുതകൾ എന്തൊക്കെയെന്നോ കൃത്യമായ മാനദണ്ഡം സർക്കാർ തയ്യാറാക്കേണ്ടത് ഇത്തരം വിഭാഗത്തിൽപ്പെടുന്ന കുട്ടിക ളുടെ അവകാശങ്ങൾ ലംഘിക്കപ്പെടാതിരിക്കാൻ അനിവാര്യമാണെന്ന് കമ്മീഷൻ

കരുതുന്നു. ഏത് ആചാരപ്രകാരമാണ് ജീവിക്കുന്നതെന്നോ മറ്റോ നിർണ്ണയിക്കുന്നതിന് ഉചിതമായ മാനദണ്ഡങ്ങൾ സർക്കാർ കൃത്യമായി നിർണ്ണയിക്കേണ്ടതാണ്. സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പിന്നോക്കാവസ്ഥയ്ക്കും അപേക്ഷകൻ അവകാശപ്പെടുന്ന കാര്യങ്ങൾക്കുമുള്ള രേഖകളും വസ്തുതകളും തെളിവുകളും ഏതെല്ലാമെന്ന് നിർദ്ദേശിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ സുതാര്യത ഉണ്ടാകൂ. ആയതിനാൽ മേൽ കാര്യത്തിൽ കൃത്യമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിക്കണമെന്ന് കമ്മീഷൻ ശുപാർശ ചെയ്യുന്നു.

7. കുട്ടികൾ അവരുടെ പഠനാവശ്യങ്ങൾക്കും അവർക്ക് കിട്ടേണ്ടുന്ന മറ്റ് ആനുകൂല്യങ്ങൾക്കുമായി വ്യത്യസ്ത സർക്കാർ ഓഫീസുകളെ സമീപിക്കുമ്പോൾ അവർക്ക് കിട്ടേണ്ട സർട്ടിഫിക്കറ്റുകളും മറ്റ് ആനുകൂല്യങ്ങളും സമയബന്ധിതമായി അധികൃതർ നൽകാതിരുന്നാൽ ആയത് കുട്ടികളുടെ പുരോഗതിയെ ദോഷകരമായി ബാധിക്കുന്നു. സാങ്കേതിക കാരണങ്ങൾ പറഞ്ഞ് പഠനാവശ്യങ്ങൾക്കും മറ്റുമുള്ള സർട്ടിഫിക്കറ്റുകളും സാക്ഷ്യപത്രങ്ങളും വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥരുടെ നടപടി ഗുരുതരമായ അവകാശ ലംഘനമായി കണക്കാക്കി അപ്രകാരം വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ്തല നടപടി സ്വീകരിക്കേണ്ടത് അനിവാര്യമാണ്. മേൽ കാര്യം സംസ്ഥാനത്തെ ഉദ്യോഗസ്ഥർ കൃത്യമായി പാലിക്കണമെന്ന് കാണിച്ച് 1, 2, 3, 4 എതിർകക്ഷികൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

8. മേൽ വിവരിച്ച വസ്തുതകളുടെ പശ്ചാത്തലത്തിൽ, 2005 – ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള കമ്മീഷനുകൾ നിയമത്തിലെ 15-ാം വകുപ്പ് പ്രകാരം താഴെപ്പറയും ശുപാർശകൾ പുറപ്പെടുവിച്ച് ഇതിനാൽ ഉത്തരവാകുന്നു.

***(എ) ഹർജിക്കാരൻ പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലുള്ള സാമൂഹികവും സാംസ്കാരികവുമായ ജീവിത പശ്ചാത്തലത്തിൽ ജീവിച്ചു വരുന്നയാളാണെന്ന കാര്യത്തിൽ നിലവിലെ മാനദണ്ഡപ്രകാരമുള്ള കാര്യങ്ങൾ ബോധിപ്പിക്കുന്ന പക്ഷം ടിയാൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടി 6-ാം എതിർകക്ഷി അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.***

***(ബി) മിശ്രവിവാഹിതരുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യത്തിനും മറ്റും ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് കുട്ടിക്ക് പിതാവിന്റെ ജാതിയുടെ അടിസ്ഥാനത്തിലുള്ള ആനുകൂല്യങ്ങൾ ആവശ്യപ്പെടുമ്പോൾ പിതാവിന്റെ ജാതിയുടെ അടിസ്ഥാനമാക്കിയാണ് ജീവിതം നയിക്കുന്നത്***

*എന്ന് തെളിയിക്കുന്നതിനും അപേക്ഷകന്റെ സാമൂഹ്യവും സാംസ്കാരികവുമായ അവസ്ഥ തെളിയിക്കുന്നതിനും എന്തെല്ലാം മാനദണ്ഡങ്ങളാണ് ആധാരമാക്കേണ്ടതെന്നും ആ കാര്യത്തിൽ സുതാര്യത ഉറപ്പ് വരുത്താൻ ഇത് സംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ 1, 4 എതിർകക്ഷികൾ പുറപ്പെടുവിക്കണമെന്ന് ഇതിനാൽ ശുപാർശ ചെയ്യുന്നു.*

*(സി) കുട്ടികൾ അവരുടെ പഠനാവശ്യങ്ങൾക്കും മറ്റോ ഏതെങ്കിലും സർട്ടിഫിക്കറ്റിനോ സാക്ഷ്യപത്രത്തിനോ അപേക്ഷ സമർപ്പിച്ചാൽ ആയത് നിയമാനുസൃതം നൽകുന്നതിൽ യാതൊരു കാലതാമസവുമുണ്ടാകാൻ പാടില്ലാത്തതും അപ്രകാരം കാലതാമസം വരുത്തുന്നത് മൂലം കുട്ടികൾക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായി തീരുന്നതും ഗുരുതര അവകാശ ലംഘനമായി കണക്കാക്കി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തികഞ്ഞ ജാഗ്രത പാലിക്കണമെന്ന് കാണിച്ച് 1, 2, 3, 4 എതിർകക്ഷികൾ സർക്കുലർ പുറപ്പെടുവിക്കേണ്ടതും ആയത് ഉദ്യോഗസ്ഥർക്ക് അറിയിച്ച് നൽകേണ്ടതുമാണ്.*

മേൽ കാര്യത്തിൽ 1, 2, 3, 4, 6 എതിർകക്ഷികൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് 2012 – ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടത്തിലെ ചട്ടം 45 പ്രകാരം 60 ദിവസത്തിനകം കമ്മീഷനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
കെ. നസീർ
(മെമ്പർ)

ഉത്തരവിൻ പ്രകാരം

പി.വി. ഗീത
രജിസ്ട്രാർ